എടുത്ത് തൽക്കാലം ഒരു കെട്ടിടം നിർമ്മിച്ചുതന്നിട്ടുണ്ട്. അത് വളരെ നല്ല രീതിയിൽ ചെയ്തുതീർക്കാൻ കഴിഞ്ഞതു എന്നാണ് ഗവൺമെന്റിന് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. എന്താണെങ്കിലും അനന്തരനടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(2) ചതിരൂർ മലയിൽ നിക്ഷിപ്ത വനഭൂമി സഹകാര്യ വ്യക്തികളുടെ പേരിൽ രജിസ്റ്റർ ചെയ്തതു സംബന്ധിച്ച :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ ആറളം പഞ്ചായത്തിൽപ്പെട്ട ചതിരൂർ മലയിൽ 200 ഏക്കർ നിക്ഷിപ്ത വനഭൂമി 42 ആളുകളുടെ പേരിൽ ഉളിയിൽ രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തുവച്ചിരിക്കുകയാണ്. മേയ് 15-ാം തീയതി മുതൽ 20-ാം തീയതിവരെയുള്ള തീയതികളിലായിട്ടാണ് രജിസ്റ്റർ ചെയ്തത്. നിക്ഷിപ്ത വനഭൂമി നിയമമനുസരിച്ച ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള വനഭൂമിയാണ് ഇങ്ങനെ കുറെ ആളുകളുടെ പേരിൽ എഴുതിവച്ചിട്ടുള്ളത്. കമലാകൃഷ്ണൻനായർ എന്നു പറയുന്ന ഒരാളാണ് ഈ 42 ആളുകളുടെ പേരിലും രജിസ്റ്റർ ചെയ്തുകൊടുത്തിട്ടുള്ളത് എന്നാണ് രേഖ ഉണ്ടാക്കിയിട്ടുള്ളത്. ഈ കേസിലെ ഏറ്റവും പ്രധാനമായിട്ടുള്ള പ്രശ്നം ഉന്നതൻമാരുടെ പേരിലാണ് ഈ ഭൂമി എഴുതിവച്ചിട്ടുള്ളത്. കണ്ണൂർ ഡി.സി.സി. പ്രസിഡൻറ് ശ്രീ. രാമകൃഷ്ണന്റെ ഭാര്യ വിജയലക്ഷ്മിയുടെ പേരിൽ അഞ്ചേക്കർ ഭൂമിയുണ്ട്. കണ്ണൂർ ഡി.സി.സി. സെക്രട്ടറി പ്രഭാകരന്റെ പേരിൽ അഞ്ചേക്കർ ഭൂമിയുണ്ട്. പ്രഭാകരന്റെ അമ്മയുടേയും പ്രഭാകരന്റെ സഹോദരൻമാരുടേയും പ്രഭാകരന്റെ സഹോദരീമാരുടേയും പേരിൽ അയ്യഞ്ചു ഏക്കർ ഭൂമിയുണ്ട്. ഡി.സി.സി. പ്രസിഡൻറ് രാമകൃഷ്ണന്റെ അനുജൻ പ്രേമന്റെ പേരിൽ അഞ്ചേക്കർ ഭൂമിയുണ്ട്. പ്രേമന്റെ ജ്യേഷ്ഠൻ സഹദേവന്റെ പേരിൽ അഞ്ചേക്കർ ഭൂമിയുണ്ട്. രാമകൃഷ്ണന്റെ അമ്മ നാമത്തുനാരായണിയുടെ പേരിൽ അഞ്ചേക്കർ ഭൂമിയുണ്ട്. അയ്യംകുന്ന് മണ്ഡലം പ്രസിഡൻറ് ഗോപാലകൃഷ്ണന്റെ പേരിലും അഞ്ചേക്കർ ഭൂമിയുണ്ട്. വാഴമണ്ഡലം കോൺഗ്രസ് പ്രസിഡൻറ് മാമൂട്ടിൽ ജോണിന്റെ പേരിലുമുണ്ട് അഞ്ചേക്കർ ഭൂമി. കീഴൂർ രാമശേരി മണ്ഡലം കോൺഗ്രസ് (ഐ) കമ്മിറ്റി പ്രസിഡൻറ് ഇബ്രാഹിമിന്റെ പേരിലുമുണ്ട് അഞ്ചേക്കർ ഭൂമി. പേരാവൂർ ബ്ലോക്കിലെ മുൻ കോൺഗ്രസ് (ഐ) പ്രസിഡന്റ് പുതിയേടത്തുഗോപാലൻ നമ്പ്യാരുടെ പേരിലുമുണ്ട് അഞ്ചേക്കർ ഭൂമി. ഡി.സി.സി. ഓഫീസ് സെക്രട്ടറി സോമന്റെ പേരിൽ അഞ്ചേക്കർ ഭൂമിയുണ്ട്. ഡി.സി.സി. ഓഫീസിലെ മുൻ സെക്രട്ടറിയും രാമകൃഷ്ണന്റെ ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഷോറൂമിലെ മാനേജരുമായ ചന്ദ്രന്റെ പേരിലുമുണ്ട് അഞ്ചേക്കർ ഭൂമി. ഇങ്ങനെ അയ്യഞ്ച് ഏക്കർ ഭൂമി ഓരോ ആളിന്റെ പേരിലും എഴുതിവച്ചിട്ട് ഒരു സെന്റിന് വില കാണിച്ചിരിക്കുന്നത് വെറും രണ്ടര രൂപയാണ്.

(ബഹളം)

ആറളത്ത് ഒരു ഉണക്ക അയില കിട്ടണമെങ്കിൽ മൂന്നു രൂപ കൊടുക്കണം. എന്നാൽ ഒരു സെന്റ് ഭൂമിക്ക് രണ്ടരരൂപവച്ച് ഉളിയിൽ രജിസ്ട്രാർ ഓഫീസിൽ 42 ആളുകളുടെ പേരിൽ രജിസ്റ്റർ ചെയ്തു. ഈ സംഭവത്തെക്കുറിച്ച് ആലിബാബയും 40 കള്ളൻമാരുംകൂടി നടത്തിയ ഒരു തട്ടിപ്പായിട്ടാണ് ആപ്രദേശത്തെ ആളുകൾ കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഞാനിവിടെ ഇത് ശ്രദ്ധക്ഷണിക്കലായി കൊണ്ടുവരാനുള്ള കാരണം അവിടെ ഇനിയും മലയുണ്ട്. തൊട്ടടുത്തു കിടക്കുന്ന നീർക്കുന്നം മല 750 ഏക്കർ വരുന്ന ഭൂമി ഒരു മുക്തിയാർ വഴി എഴുതിവച്ചിട്ടുണ്ട് ആ ഭൂമിയും ഇങ്ങനെ തിരിമറി നടത്താൻ വേണ്ടിയുള്ള ആലോചനകൾ നടന്നു കൊണ്ടിരിക്കുകയാണ്. നമ്മുടെ നിക്ഷിപ്ത വനഭൂമിയാണ്. നമ്മുടെ ഡെപ്യൂട്ടി മുഖ്യമന്ത്രി ശ്രീ. അവുക്കാദർകുട്ടിനഹയുടെ ഭാര്യാസഹോദരനായ മലപ്പുറത്തെ സെയ്ദാലിക്കുട്ടിയാണ് അതിന്റെ മുക്തിയാർ എഴുതിക്കൊടുത്തതു വഴി രംഗത്തു വന്നിട്ടുള്ളത്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഇത് ദേശാഭിമാനി എഴുതിയത് വായിക്കുകയാണ്. എന്റെ ഭാര്യക്ക് അങ്ങനെയൊരു സഹോദരനില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇല്ലെങ്കിൽ വേണ്ട നിങ്ങളുടെ ബന്ധു ഒരു സെയ്ദാലിക്കുട്ടിയുടെ പേരിൽ മുക്തിയാർ എഴുതിക്കൊടുത്തുകൊണ്ട് ആ 750 ഏക്കർ വനംകൂടി തട്ടിയെടുക്കുന്നതിനുള്ള നീക്കം നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ ഈ നിക്ഷിപ്തവനം രക്ഷിക്കണം. ഈ വനം കുറേ ആളുകൾക്ക് പതിച്ചുകൊടുക്കുന്നത്, കുറേ ആളുകളുടെ പേരിൽ എഴുതിക്കൊടുക്കുന്നത് വനനിയമത്തിന്റെ ലംഘനമാണ്. ഇതിനെക്കുറിച്ച് നിഷ്പക്ഷമായ ഒരന്വേഷണം നടത്തണം. ഇവിടെ മൂന്നുതരത്തിലുള്ള അന്വേഷണം ഗവൺമെന്റ് ഏർപ്പെടുത്തിയതായി പത്രത്തിൽ വാർത്ത കണ്ടു. ഒന്ന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്, രണ്ട്, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്. മൂന്ന് കളക്ടർ, ഈ മൂന്നു ആളുകളും കൊടുത്ത റിപ്പോർട്ട് എന്താണെന്ന് ഈ സഭയ്ക്കറിയാൻ താൽപ്പര്യമുണ്ട്. ഈ റിപ്പോർട്ട് ഈ സഭയുടെ മുമ്പാകെ വയ്ക്കണം. കളക്ടറുടെ റിപ്പോർട്ട് ഇന്നു പത്രത്തിൽ വന്നത് വിജിലൻസ് അന്വേഷണം വേണമെന്നാണ്. ഇതുസംബന്ധിച്ച് ധാരാളം തട്ടിപ്പുകൾ നടക്കുന്നുണ്ട്. അഞ്ചുകോടിയോളം രൂപ വില വരുന്ന മരങ്ങൾ മുറിച്ച് വിൽക്കുന്നതിനും ഈ ഭൂമിയുടെ ആധാരം കാണിച്ച് ബാങ്കുകളിൽനിന്ന് വായ്പ തട്ടിയെടുക്കുന്നതിനുംവേണ്ടി ഉന്നതകേന്ദ്രങ്ങളിൽ നടന്നിട്ടുള്ള ഒരു ഗൂഢാലോചനയുടെ ഫലമായിട്ടാണ് 42 ആളുകളുടെ പേരിൽ ഈ ഭൂമി എഴുതിവച്ചിട്ടുള്ള സംഭവം. ഈ രജിസ്റ്റർ നടന്നതിന്റെ പിന്നിൽ പല പേരുകളും പറഞ്ഞുകേൾക്കുന്നുണ്ട്. മെയ് പത്താം തീയതി മുതൽ അവസാനംവരെ കൂത്തുപറമ്പ് റസ്റ്റ്ഹൗസിൽ ക്യാമ്പ് ചെയ്തിട്ടാണ് ഇതിന്റെ ഗൂഢാലോചന നടത്തിയിട്ടുള്ളത്. മുല്ലപ്പള്ളി രാമചന്ദ്രൻ എം. പി. യുടെ പേരിൽ റൂം എടുത്തിട്ടുണ്ട്. നമ്മുടെ പൊതുപ്രവർത്തകൻമാരുടെ പേരിൽ വരുന്ന ആരോപണങ്ങളാണ് എന്നതുകൊണ്ട് ഇതിനെക്കുറിച്ച് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു പ്രശ്നമാണ്. ഇപ്പോൾ മന്ത്രിയായിട്ടുള്ള രമേശ് ചെന്നിത്തലയുടെ പേരിൽ റൂം എടുത്തിട്ടുണ്ട്. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ പേരിൽ റൂം എടുത്തിട്ടുണ്ട്. ശ്രീ. മുസ്തഫയുടെ പേരിൽ റൂം എടുത്തിട്ടുണ്ട്. ശ്രീ. പന്തളം സുധാകരന്റെ പേരിൽ റൂം എടുത്തിട്ടുണ്ട്. ഇങ്ങനെ എം. എൽ. എ. മാരുടേയും എം. പി. മാരുടേയും പേരുപയോഗപ്പെടുത്തി റൂം എടുത്ത് അവിടെവച്ച് ഗൂഢാലോചന നടത്തിയിട്ടാണ് ഈ 42 ആളുകളുടെ പേരിൽ ഈ വനഭൂമി രജിസ്റ്റർ ചെയ്തു വച്ചിട്ടുള്ളത്. ഇത് പേരാവൂർ നിയോജകമണ്ഡലത്തിലാണ്. നമ്മുടെ വനം വകുപ്പും രജിസ്ട്രേഷൻവകുപ്പും ഒരുമിച്ചു കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ നിയോജകമണ്ഡലമാണ്. മന്ത്രിക്ക് കൂടി ഇതിൽ പങ്കുണ്ടെന്ന

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപമുണ്ട്. അതുകൊണ്ട് ഇതിനെക്കുറിച്ച് പരിശോധിക്കാൻ ഒരു ജുഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തണമെന്ന ആവശ്യം ഞാൻ ഈ സഭയുടെ മുമ്പാകെ വയ്ക്കുകയാണ്.

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, ചതിരൂർ മലയിൽ 42 ആളുകളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട ആധാരങ്ങളെ സംബന്ധിച്ചാണിവിടെ സംസാരിച്ചത്. ഒരുകാര്യം ഞാൻ ആദ്യമേതന്നെ വ്യക്തമാക്കാനാഗ്രഹിക്കുന്നു. ആ ആധാരത്തിന്റെ അടിസ്ഥാനത്തിൽ ആരു വിചാരിച്ചാലും നമ്മുടെ കൈയിലുള്ള നിക്ഷിപ്തവനഭൂമിയിൽ നിന്ന് തട്ടിയെടുക്കുവാൻ സാദ്ധ്യമല്ല, ചതിരൂർ വനഭൂമിയായാലും, നീർക്കുന്നം വനഭൂമിയായാലും. ഈ എഴുതിക്കൊടുത്ത ആളുകൾക്കോ എഴുതിവാങ്ങിച്ച ആളുകൾക്കോ ഈ ആധാരത്തിന്റെ അടിസ്ഥാനത്തിൽ ആ വനഭൂമിയിൽ പ്രവേശിക്കാൻ സാധ്യമല്ല; ഇതുവരെ പ്രവേശിച്ചിട്ടില്ല. പ്രവേശിക്കാൻ ഗവൺമെന്റ് അനുവദിക്കുന്നതുമല്ല. ആ ആധാരത്തെ സംബന്ധിച്ച് മൂന്നു വിധത്തിൽ അന്വേഷണം നടത്തുകയുണ്ടായി: വനംവകുപ്പിന്റെ അന്വേഷണം, രജിസ്ട്രേഷൻ വകുപ്പിന്റെഅന്വേഷണം, ജില്ലാകളക്ടറുടെ അന്വേഷണം എന്നിങ്ങനെ മൂന്നു വിധത്തിലുള്ള അന്വേഷണത്തിനും ആദ്യംതന്നെ ഏർപ്പാടു ചെയ്തിരുന്നു. വനംവകുപ്പിന്റെ അന്വേഷണത്തിൽ വ്യക്തമാക്കപ്പെട്ട വസ്തുതയുടെ അടിസ്ഥാനത്തിലുള്ള നിഗമനങ്ങൾ ഞാൻ വ്യക്തമാക്കാം. ഒരു ആധാരം രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ആ ആധാരത്തിൽ പറയുന്ന സ്ഥലം ഏതെന്ന് കണ്ടുപിടിക്കുന്നത് ആ ആധാരത്തിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ 42 ആധാരങ്ങളിലും പറയുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ ആ സ്ഥലം നിക്ഷിപ്തവനഭൂമിയിൽപ്പെട്ടതല്ലെന്നാണ് വ്യക്തമായിട്ട് മനസ്സിലാക്കിയിട്ടുള്ളത്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല.

രണ്ടാമത്തെ പ്രശ്നം, ഈ ആധാരം എഴുതിവാങ്ങിച്ചവരോ ഈ ആധാരം എഴുതിക്കൊടുത്തവരോ ഈ ആധാരം എഴുതി കൊടുക്കുന്നതിനുമുമ്പോ അതിനുശേഷമോ ഈ സ്ഥലത്ത് പ്രവേശിക്കുകയോ ആ സ്ഥലം കയ്യടക്കുകയോ ഏതെങ്കിലും വിധത്തിലുള്ള രേഖകൾ സൃഷ്ടിക്കുകയോ ചെയ്തിട്ടുണ്ടോയെന്നുള്ളതാണ്. അങ്ങനെ ഈ 42 ആളുകളോ അവർക്ക് എഴുതിക്കൊടുത്ത കൃഷ്ണൻനായരോ അദ്ദേഹത്തിനു കൊടുത്ത വർഗ്ഗീസോ ആരും തന്നെ ഇന്നത്തെ തീയതിവരെ ആ സ്ഥലത്ത് പ്രവേശിക്കുകയോ സർക്കാർ നികുതി അടയ്ക്കുകയോ അത് കൈവശപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്നുള്ളതുകൊണ്ടുതന്നെ ചതിരൂർ മലയിലുള്ള 270 ഹെക്ടറും നീർക്കുന്നം മലയിലെ 570 ഹെക്ടർ ഭൂമിയും ഇന്നും ഗവൺമെന്റിന്റെ കൈയിൽ ഭദ്രമാണ്. മേലിലും ഒരാളെയും അവിടെ പ്രവേശിക്കാൻ അനുവദിക്കുന്നതല്ല.

വനംവകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റൊരുകാര്യം ഈ ആധാരങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും വിധത്തിലുള്ള സർട്ടിഫിക്കറുകൾ റവന്യൂ ഉദ്യോഗസ്ഥൻമാരിൽനിന്നോ മറ്റോ വാങ്ങിച്ച് ഈ ആധാരത്തിന് സാധുത ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തുമോ എന്നുള്ളതാണ്. അങ്ങനെയുള്ള ശ്രമങ്ങൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചുകൂടായെന്നും മേൽപ്പറഞ്ഞ ആധാരങ്ങൾക്ക് സാധുത നൽകുന്ന യാതൊന്നും ചെയ്തുകൂടായെന്ന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ജില്ലാകളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരുകാര്യം പറയുവാനുള്ളത് ഗവൺമെൻറിന്റെ കൈവശമുള്ള ഈ 270 ഹെക്ടർ ഭൂമിയിലും 570 ഹെക്ടർ ഭൂമിയിലും യാതൊരുവിധത്തിലുള്ള പ്രവേശനവും കയ്യേറ്റവും ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ ഈ സ്ഥലങ്ങളുടെ അതിർത്തികൾ ഭദ്രമാക്കുന്നതിനുവേണ്ടി വീണ്ടും സർവ്വേ നടത്തി ജണ്ട ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ ഇതിനകംതന്നെ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഗവൺമെൻറിന്റെ കൈവശമുള്ള ഈ ഭൂമിയെക്കുറിച്ച് യാതൊരാശങ്കയും സംശയവും വേണ്ടയെന്നു ഞാൻ ഒന്നുകൂടി വ്യക്തമാക്കുകയാണ്. ആ 270 ഹെക്ടർ ഭൂമിയിലും 570 ഹെക്ടർ ഭൂമിയിലും ആർക്കും ഒരു പുൽക്കൊടിപോലും തൊടാൻ സാദ്ധ്യമല്ല. ആരും വിചാരിച്ചാലും അവിടെ പ്രവേശിക്കുവാനും സാദ്ധ്യമല്ലെന്ന് ഞാൻ സഭയെ അറിയിക്കുന്നു.

പിന്നെ ഇവിടെ രജിസ്ട്രേഷൻ വകുപ്പിന്റെ അന്വേഷണത്തെക്കുറിച്ച് പറഞ്ഞു. രജിസ്ട്രേഷൻ വകുപ്പ് അന്വേഷിച്ചു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിന്റെ അന്വേഷണത്തിൽനിന്നും ഉയർന്നുവന്നിട്ടുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നം ഈ 42 ആധാരങ്ങളും രജിസ്റ്റർ ചെയ്യുന്നതിൽ രജിസ്ട്രാർ ബോധപൂർവ്വമായി ഗൂഢാലോചനയിൽ പങ്കെടുത്തിരുന്നുവെന്നുള്ളതാണ്. അദ്ദേഹത്തിന്റെ മകളുടെ ഭർത്താവായ സി.ഐ.ടി.യു. പ്രവർത്തകനും മാർക്സിസ്റ്റ് പ്രവർത്തകനുമായ രാജരത്നത്തിന്റെ പേരുകൂടിയുള്ളതുകൊണ്ടായിരിക്കാം, അങ്ങനെ ഒരു ആരോപണം ഉയർന്നുവന്നത്. അതുകൊണ്ട് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ് അതിനെക്കുറിച്ച് പ്രത്യേകമായി അന്വേഷണം നടത്തി. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ് ഉത്തരവാദപ്പെട്ട ജോയിൻറ് ഡയറക്ടറെ അയച്ചാണ് അന്വേഷണം നടത്തിയത്. ആ ജോയിൻറ് ഡയറക്ടറുടെ റിപ്പോർട്ടിൽ രജിസ്റ്റർ ചെയ്യുന്നതിൽ ഇദ്ദേഹം നടപടി ചട്ടങ്ങൾ ലംഘിച്ചതായും ചില ക്രമക്കേടുകൾ കാണിച്ചതായും എടുത്ത് പറയുകയുണ്ടായി. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആ സബ് രജിസ്ട്രാറെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിരിക്കുകയാണ്.

ശ്രീ. എ.കെ. ശശീന്ദ്രൻ: അയാൾ റിട്ടയർ ചെയ്തുപോയി. റിട്ടയർ ചെയ്തയാളുടെ പേരിലാണോ സസ്പെൻഷൻ?

ശ്രീ. കെ.പി. നൂറുദ്ദീൻ: റിട്ടയർ ചെയ്തോ ഇല്ലയോയെന്നുള്ളതൊന്നും എനിക്ക് നോക്കേണ്ടകാര്യമില്ല. റിട്ടയർചെയ്യാൻകാലത്ത് അയാൾ ക്രമക്കേടുകൾ നടത്തിയെന്നു പറഞ്ഞ് അയാൾക്ക് വീണ്ടും അധികാരം നീട്ടിക്കൊടുക്കാൻകഴിയുമോ? അതുകൊണ്ട് അദ്ദേഹത്തെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. ജില്ലാകളക്ടറോട് ഈ സംഭവത്തിന്റെ എല്ലാവശങ്ങളെപ്പറ്റിയും പഠിച്ച് റിപ്പോർട്ട് തരാൻ ആവശ്യപ്പെട്ടു. അതനുസരിച്ച് ഇന്നലെ റിപ്പോർട്ട് കിട്ടി. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു സംശയവും ഇക്കാര്യത്തിൽ ആർക്കും വേണ്ട. ആ റിപ്പോർട്ടിൽപ്പറയുന്ന ശുപാർശകൾ യാതൊരുകാരണവശാലും ഒരെണ്ണംപോലും ഒഴിവാക്കാതെ നടപ്പിലാക്കാൻ നിയമപരമായി സ്വീകരിക്കാവുന്ന എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കുന്നതാണ്. വനം സംരക്ഷിക്കപ്പെട്ടിരിക്കുന്നു, വനം നമ്മുടെ കൈവശമുണ്ട്. പിന്നെ എന്തിനാണ് നടപടിയെന്ന് ചോദിച്ചേക്കാം. ഇവിടെ ഗൂഢാലോചന നടത്തിയതിനെക്കുറിച്ച പറഞ്ഞു. അതിൽ നിയമപരമായി സ്വീകരിക്കാവുന്ന എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചു. ഡി.സി.സി. പ്രസിഡൻറിന്റേയും മറ്റുപല ഡി.സി.സി. മെമ്പർമാരുടേയും പേർ ഇവിടെ പറഞ്ഞു. അതിനെക്കുറിച്ചൊന്നും

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഇവിടെ പറയുന്നില്ല. ഏതായാലും എന്നോട് ആദ്യമായി ഇതു സംബന്ധിച്ച് അന്വേഷിക്കണമെന്ന് D.C.C. പ്രസിഡൻറാണ് ആവശ്യപ്പെട്ടത്. ഉടനെത്തന്നെ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചു. കണ്ണൂരിൽ നിന്നുള്ള പത്രത്തിലാണ് ഈ വാർത്ത ആദ്യമായി ഉണ്ടായിരുന്നത്. ഞാൻ അന്ന് തിരുവനന്തപുരത്തായിരുന്നു. ഇങ്ങനെ ഒരു വാർത്ത പത്രത്തിൽ വന്നിരിക്കുന്നുവെന്നും അതിന് ഇന്നുതന്നെ ആവശ്യമായ നടപടികൈക്കൊള്ളണമെന്നും ആദ്യമായി ആവശ്യപ്പെട്ടത് ഡി.സി.സി. പ്രസിഡൻറാണ്. .....(ബഹളം).....ഏതായാലും ഇതിനാവശ്യമായ നടപടികളും ഇതിനോടകം സ്വീകരിച്ചു. ഡി.സി.സി. പ്രസിഡൻറാണിത് അന്വേഷിക്കണമെന്ന് എന്നോട് ആദ്യം ആവശ്യപ്പെട്ടത്. അതിനുശേഷം അദ്ദേഹത്തിൻെറ ബന്ധുക്കളുടേതായ ആധാരം അവർ അറിയാത്തതാണെന്ന് പറഞ്ഞുകൊണ്ട് ജില്ലാ രജിസ്ട്രാറുടെ മുമ്പാകെ അവർ ഹർജി സമർപ്പിച്ചിട്ടുണ്ട് എന്നാണ് അറിയുവാൻ കഴിഞ്ഞത്. ഈ ആധാരം ഞങ്ങളുടെ പേരിൽ എഴുതിയതായി പത്രത്തിൽ വന്നുകാണുന്നു. ഞങ്ങളാ ഇതിന് ഉത്തരവാദികളല്ല. ഇത് ദുർബലപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ട് ഡിസ്ട്രിക്ട് രജിസ്ട്രാറുടെ അടുത്ത് അവർതന്നെ പോയിട്ടുണ്ട്. ഇതിനുപുറമേ പത്രത്തിൽ കണ്ട വാർത്ത തെളിയിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അഴിമതിനിരോധന കമ്മീഷൻമുമ്പാകെ അദ്ദേഹംതന്നെ സമീപിക്കുവാൻ പോകുന്നുവെന്ന് ഇന്നലെ പത്രത്തിൽ കണ്ടു. എത്രമാത്രം ആത്മാർത്ഥമായിട്ടാണ് അദ്ദേഹം ഇക്കാര്യം തെളിയിക്കുന്നതിനുവേണ്ടി ശ്രമിച്ചിട്ടുള്ളതെന്ന് ചൂണ്ടിക്കാണിക്കാൻവേണ്ടിയാണ് ഞാനിത് പറഞ്ഞത്.

ഈ സഭയിൽ ഇതിനെപ്പറ്റി വിശദീകരിച്ചപ്പോൾ കോൺഗ്രസ്സുകാരായിട്ടുള്ള കുറച്ചാളുകളുടെ പേർ എടുത്തു പറയുകയുണ്ടായി. ഇതിൽ (ഈ 42 ആധാരങ്ങളിൽ) കോൺഗ്രസ്സുകാർ ഉണ്ട്; മാർക്സിസ്റ്റുകാർ ഉണ്ട്. എൻ.ഡി.പി. ഉണ്ട്. കക്ഷികളിലൊന്നുംപെടാത്ത ആളുകളുണ്ട്. ഏതായാലും ഏതു കക്ഷിയിൽപ്പെട്ടവരായാലും ശരി, ഏതു പ്രമുഖവ്യക്തിയായാലും ശരി നടപടി സ്വീകരിക്കുന്നതാണ്. അതിനുപുറമേ അഭിമാനകരമായ ഒരു കാര്യം, അതിൽപെട്ടിട്ടില്ലെന്ന് രേഖാമൂലം എഴുതിക്കൊടുത്തിട്ടുപോലും, അവർ തന്നെ നേരിട്ട് ട്രൈബ്യൂണലിനെ സമീപിച്ചിട്ടുപോലും കെ.പി.സി.സി. പ്രസിഡൻറ് നേരിട്ട് കെ.പി.സി.സി. ജനറൽസെക്രട്ടറി ആര്യാടനെക്കൊണ്ടു ആധാരമെഴുതിച്ച് ഈ വസ്തുതകളെക്കുറിച്ച് അന്വേഷിച്ച് അതിൽ പരാമർശിക്കപ്പെട്ട ആറ് ആളുകളെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. പാർട്ടിയും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സജീവമായി ശ്രമിച്ചു. നിങ്ങളാ ആരുവിചാരിച്ചാലും ഈ ഭൂമി 42 ആളുകൾക്കോ എഴുതിക്കൊടുത്ത ആധാരക്കോ കിട്ടുകയില്ല എന്നാണ് എനിക്ക് പറയുവാനുള്ളത്. ആർക്കും ഒരു തുണ്ടുഭൂമിപോലും ഇതിൽനിന്നും അനുവദിക്കുന്നതല്ല: നാളെയും കിട്ടുകയില്ലെന്നുള്ളതുകൂടി പറഞ്ഞുകൊള്ളട്ടെ. .....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ 42 ആളുകളുടെ കൂട്ടത്തിൽ ഏതെങ്കിലും മാർക്സിസ്റ്റുകാരനോ സി.ഐ.ടി. യുക്കാരനോ പെട്ടിട്ടുണ്ടെങ്കിൽ അയാളുടെ പേരിൽ നടപടിയെടുക്കുകയും അയാളെ കയ്യാമം വയ്ക്കുകയും വേണം. മാർക്സിസ്റ്റുകാരൻ പെട്ടിട്ടുണ്ടെങ്കിൽ അയാളെ പാർട്ടിയിൽ നിന്ന് പുറത്താക്കും. ഈ 42 ആളുകളും ഉൾപ്പെടുന്ന കേസിൽ രജിസ്ട്രേഷൻ ഇതുവരെ റദ്ദുചെയ്യാതെയിരിക്കാൻ കാരണമെന്താണ്? ആ രജിസ്ട്രേഷൻ അടിയന്തിരമായി റദ്ദ് ചെയ്യാൻ ധൈര്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. നൂറുദ്ദീൻ: ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ റദ്ദുചെയ്യുന്നതിന് നിയമപരമായിട്ട് അനുവാദമുണ്ടെങ്കിൽ അത് തീർച്ചയായിട്ടും റദ്ദുചെയ്യുകതന്നെ ചെയ്യും. ബഹുമാനപ്പെട്ട ബാലകൃഷ്ണൻ ഇങ്ങോട്ടു പറഞ്ഞതുകൊണ്ടു പറയുകയാണ്, സബ് രജിസ്ട്രാറുടെ മകളുടെ ഭർത്താവ് രാജരത്നം അറിയപ്പെടുന്ന മാർക്സിസ്റ്റുപ്രവർത്തകനാണ്. സി.ഐ.ടി.യു.ക്കാരനാണ്. അദ്ദേഹത്തിന്റെപേരിൽ നിങ്ങൾ നടപടി സ്വീകരിക്കുമോ?

V. സബ്മിഷൻ

(1) ജിയോനാവാല കമ്പനിതുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: സർ, പള്ളുരുത്തിയിലുള്ള ജിയോനാവാല ബിന്നി കമ്പനി ദീർഘകാലമായി പൂട്ടിക്കിടക്കുന്നതുമൂലം തൊഴിലില്ലാതെ കഷ്ടപ്പെടുന്ന 400 തൊഴിലാളി കുടുംബങ്ങളുടെ ദയനീയ സ്ഥിതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തനാണ് ഞാൻ ഈ പോയിന്റ് ഉന്നയിക്കുന്നത്. സാമ്പത്തിക തകർച്ചമൂലം പ്രവർത്തനരഹിതമായ ആ കമ്പനി ഒരു പൊതുമേഖലാ സ്ഥാപനമായി ഏറ്റെടുത്ത് നടത്തണമെന്ന് അവിടുത്തെ തൊഴിലാളികളുടേയും എറണാകുളം ജില്ലയിലെ മുഴുവൻ തൊഴിലാളികളുടെയും ആ ജില്ലയിലെ 7 എം.എൽ.എ. മാരുടേയും നിവേദനത്തിന്റെ ഫലമായി ഇടതുപക്ഷ മുന്നണിയുടെ കാലത്ത്. എടുത്ത നടപടികളുടെ ഭാഗമായിട്ട് 10–10–1981–ൽ അത് ഒരു പൊതുമേഖലാസ്ഥാപനമായി ഏറ്റെടുത്ത് നടത്താൻ അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചു. കാനറാബാങ്ക്, കമ്പനിക്ക് വായ്പനൽകിയ ഒന്നരക്കോടി രൂപയ്ക്ക് പലിശയിളവുചെയ്തു കൊടുത്തുകൊണ്ട് ആ കമ്പനി പൊതുമേഖലാസ്ഥാപനമായി നടത്തുകയാണെങ്കിൽ തുടർന്ന് നടത്താനുള്ള പ്രവർത്തനമൂലധനം കൊടുക്കാമെന്ന് പറഞ്ഞതാണ്. അഞ്ചുകൊല്ലക്കാലത്തിനുശേഷം 5 വാർഷിക ഗഡുക്കളായിട്ട് അത് തിരിച്ചുകൊടുത്താൽ മതിയെന്ന് പറഞ്ഞു. ആകെ ബാദ്ധ്യതയുണ്ടായിരുന്നത് ഗവൺമെന്റ് അവർക്ക് ഫിനാൻഷ്യൽ ഗ്യാരൻറി കൊടുക്കണമെന്നു മാത്രമാണ്. ദൗർഭാഗ്യവശാൽ പത്തുദിവസം കഴിഞ്ഞപ്പോഴേക്കും ആ ഗവൺമെന്റ് പോയി. പുതിയ ഗവൺമെന്റ് ഫിനാൻഷ്യൽ ഗ്യാരൻറി കൊടുത്തില്ല. ഫിനാൻഷ്യൽ ഗ്യാരൻറികൊടുത്ത് വീണ്ടും പ്രവർത്തിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭണത്തിന്റെ ഫലമായി ഗ്യാരൻറി കിട്ടിയില്ല എന്നു മാത്രമല്ല 1982–ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനെത്തുടർന്ന് ഏറ്റെടുത്ത നടപടി റദ്ദാക്കുകയുമാണ് ചെയ്തത്. അതിന്റെ ഫലമായിട്ട് 1982 മുതൽ വീണ്ടും ആ കമ്പനി പൂട്ടിക്കിടക്കുകയാണ്. ഈ കമ്പനി എഫ്.എ.സി.ടി.യെക്കൊണ്ട് എടുപ്പിക്കാൻ ശ്രമങ്ങൾ നടത്തുന്നതാണെന്നു പറഞ്ഞു. അതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല. അവർ എടുക്കുകയാണെങ്കിൽ തന്നെ തൊഴിലാളികളെ എടുക്കുന്ന ബാദ്ധ്യത കമ്പനി ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. കമ്പനി ഏറ്റെടുക്കുകയെന്നു പറഞ്ഞാൽ അവിടുത്തെ തൊഴിലാളികൾക്ക് പണി കിട്ടണമെന്നാണ് അർത്ഥം. കമ്പനി ഏറ്റെടുത്ത ഗവൺമെന്റിന്റെ നടപടി, റദ്ദാക്കിയ നടപടി, പിൻവലിച്ച് വീണ്ടും ആ കമ്പനി ഏറ്റെടുത്ത് നടത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ കമ്പനിയെ സംബന്ധിച്ച് രണ്ടു പോയിന്റുകളാണ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly